കേരള സർക്കാർ

**അടിയന്തിരം**

നം. സി2/247/2017/ ഐ & പി ആർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്(സി) വകുപ്പ്
തിരുവനന്തപുരം, തീയതി 18/09/2017

ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

1. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ഡയറക്ടർ, കൊളേജ് വിദ്യാഭ്യാസ വകുപ്പ്
3. ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്
4. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്

സർ,

വിഷയം:- ഐ & പി ആർ വകുപ്പ് – ഗാന്ധിജയന്തി വാരാഘോഷം 2017 - പരിപാടികൾ സംഘടിപ്പിക്കുന്നതിന് സഹകരണം നൽകുന്നത് - സംബന്ധിച്ച്

ഈ വർഷത്തെ ഗാന്ധി ജയന്തി വാരാഘോഷത്തോടനുബന്ധിച്ച് ഒക്ടോബർ 2 മുതൽ 8 വരെ നടത്തുന്ന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി സെപ്റ്റംബർ 18-ാം തിയതി രാവിലെ 11 മണിക്ക് വിവിധസർക്കാർ വകുപ്പുകളെയും പ്രമുഖ ഗാന്ധിയൻ സംഘടനകളുമായും യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ തീരുമാനം കൈക്കൊണ്ട താഴെ പറയുന്ന പരിപാടികൾ സംഘടിപ്പക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. ഒക്ടോബർ 2 ന് രാവിലെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രത്യേക അസംബ്ലി ചേർന്ന് ബഹു.മുഖ്യമന്ത്രിയുടെ സന്ദേശം വായിക്കുന്നതിന്
2. വാരാഘോഷ വേളയിലെ ഒരു ദിവസം എല്ലാ സ്കൂളുകളിലും കോളേജുകളിലും ഉപന്യാസമത്സരം(ഗാന്ധി വിഷയത്തിൽ യു.പി,എച്ച് എസ് വിഭാഗങ്ങൾക്ക്) സംഘടിപ്പിക്കുന്നതിന്,

വിജയകളാകുന്നവർക്ക് ജില്ലാ തലത്തിലും ജില്ലാ തലത്തിൽ വിജയികളാകുന്നവർക്ക് സംസ്ഥാനതലത്തിലും മത്സരം സംഘടിപ്പിക്കുന്നതാണ്. കൂടാതെ ജില്ലാതലത്തിലും സ്കൂൾ - കോളേജ് തലത്തിലും വിജയികളാകുന്നവർക്കും സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും നൽകുന്നതാണ്. സംസ്ഥാനതലത്തിൽ വിജയികളാകുന്നവർക്ക് ദേശീയതലത്തിലുള്ള ഗാന്ധിസ്മാരക കേന്ദ്രത്തിലേക്ക്

2/2

പഠനയാത്രാസഹായം (ഒരു രക്ഷകർത്താവിനൊപ്പം) ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് നൽകുന്നതാണ്.

ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ല/മേഖലാ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആവശ്യമായ നിർദേശം നൽകണമെന്നും താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ഡോ.കെ.അമ്പാടി
ഡയറക്ടർ

നം ജി.4-33779/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി 19.09.2017.

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – ഗാന്ധിജയന്തി വാരാഘോഷം – 2017- വകുപ്പ് തല പരിപാടികൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 18.09.2017-ലെ സി.2/247/2017/ഐ & പി.ആർ നമ്പർ സർക്കാർ കത്ത്.

2017-ലെ ഗാന്ധിജയന്തി ആഘോഷങ്ങളുടെ ഭാഗമായി എല്ലാ കോളേജുകളിലും ഗാന്ധി വിഷയത്തിൽ ഒക്ടോബർ 2 മുതൽ 8 വരെയുള്ള വാരാഘോഷ വേളയിലെ ഒരു ദിവസം ഉപന്യാസ മത്സരം സംഘടിപ്പിക്കണമെന്ന് സൂചന കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. മത്സര വിജയികൾക്ക് ജില്ലാതലത്തിലും, ജില്ലാതല വിജയികൾക്ക് സംസ്ഥാനതലത്തിലും മത്സരം സംഘടിപ്പിക്കുന്നതും കോളേജ് / ജില്ലതല വിജയികൾക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും നൽകുന്നതും, സംസ്ഥാനതല വിജയികൾക്ക് ദേശീയതലത്തിലുള്ള ഗാന്ധിസ്മാരക കേന്ദ്രത്തിലേയ്ക്ക് ഒരു രക്ഷകർത്താവിനോടൊപ്പം പഠനായാത്രാ സഹായം നൽകുന്നതുമാണ്.

ആയതിനാൽ ഈ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ / എയ്ഡഡ് കോളേജുകളിലും പ്രസ്തുത മത്സരം സംഘടിപ്പിക്കുന്നതിന് സ്ഥാപന മേധാവികൾ / ഡെപ്യൂട്ടി ഡയറക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബനിധിച്ച് റിപ്പോർട്ട് ഒക്ടോബർ 15-നകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്,
സീതാലക്ഷ്മി അമ്മ.എ,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

എസ്.വി..20.09.2017.